From
മധു അമ്പാടി
സെക്രട്ടറി, സ്പർശൻ വികലാംഗ സ്വയം സഹായ സംഘം
അമ്പാടി ഹൗസ്, കോന്തുരുത്തി
തേവര പി. ഒ. കൊച്ചി– 682 013. PH:9645229656

03 -11- 2017

5414/17

5 रु. Rs.5 भारत INDIA पाँच रुपये FIVE RUPEES
5 रु. Rs.5 भारत INDIA पाँच रुपये FIVE RUPEES

To
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി വകുപ്പ്
എറണാകുളം ജില്ല.

വിഷയം: വിവരാവകാശ നിയമപ്രകാരം അറിയുന്നതിനുള്ള അപേക്ഷ.

സർ,

ഭിന്നശേഷിയുള്ളവർക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന സ്വാവലംബൻ ഇൻഷുറൻസ് പോളിസിയിൽ അംഗത്വം നേടുന്നതിന് ഇപ്പോൾ സാധിക്കുന്നില്ല. ആകയാൽ താഴെ പറയുന്ന വിവരങ്ങൾ രേഖാമൂലം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

1. സ്വാവലംബൻ ഭിന്നശേഷിയുള്ളവർക്കായുള്ള ഇൻഷുറൻസ് പദ്ധതി ഇപ്പോഴും നിലവിലുണ്ടോ?
 a) ഇപ്പോൾ പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നതിന് തടസം നേരിടുന്നതിനുള്ള കാരണമെന്ത്?
 b) അംഗങ്ങളായവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭിക്കുന്നത്?
 c) 2016–17 വർഷത്തിൽ എറണാകുളം ജില്ലയിൽ എത്രപേർ പദ്ധതിയിൽ അംഗത്വം നേടി?
 d) ടി വർഷം എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചു?
 e) ടി പദ്ധതിയിൽ കേരള സർക്കാർ നല്കുമെന്ന് പ്രഖ്യാപിച്ച ഗുണഭോക്തൃ വിഹിതം ജില്ലയിൽ എത്ര പേർക്ക് നൽകി?

ഈ വിവരങ്ങൾ എത്രയും വേഗം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതാപൂർവം,

[signature]

മധു അമ്പാടി